# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.7781

23..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

### ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
ശ്രീ. ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; ഇതിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും .എത്ര ശതമാനം കമ്മീഷൻ വീതമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ ഏജന്റുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4% വും എസ്.എ.എസ് ഏജന്റുമാർക്ക് ½% വും കമ്മീഷൻ കേന്ദ്ര സർക്കാർ നൽകി വരുന്നു. സംസ്ഥാന സർക്കാർ മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഏകദേശം 3.96% അലവൻസും 1.23% ബോണസും എസ്.എ.എസ് ഏജന്റുമാർക്ക് 1% അലവൻസും 0.1% ബോണസും നൽകി വന്നിരുന്നു. എന്നാൽ ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ വകുപ്പ്, റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണ്ണറായിരുന്ന ശ്രീമതി ശ്യാമള ഗോപിനാഥ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 25.11.2011-ലെ നമ്പർ F1/12/2011-NS-11 കേന്ദ്ര സർക്കാർ ഉത്തരവു പ്രകാരം സംസ്ഥാന സർക്കാർ നൽകികൊണ്ടിരുന്ന അലവൻസ് , ബോണസ് എന്നിവ 1.12.2011 മുതൽ നിർത്തലാക്കിയിട്ടുണ്ട്. |
| ബി | ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകി വന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | |

| | | |
|---|---|---|
| സി | ഏജൻറുമാരുടെ വേതനം മുൻകാലങ്ങളെപ്പോലെ തുടരുമെന്ന വാഗ്ദാനം നടപ്പാക്കാൻ എന്ത് നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | 16.06.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം. 5933/12/ധന പ്രകാരം ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ ഏജൻറുമാർ/ എസ്.എ.എസ് ഏജൻറുമാർ എന്നിവരെ ദേശീയ സമ്പാദ്യ സമാഹരണത്തോടൊപ്പം, സംസ്ഥാനത്തിൻെറ വികസന സാമൂഹ്യ ക്ഷേമ മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്താനും ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജൻറ്മാർക്ക് 5.25 ശതമാനം വരെയും എസ്.എ.എസ് ഏജൻറുമാർക്ക് 1.1 ശതമാനം വരെയും പ്രതിഫലം നൽകുവാൻ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ